ജനകീയാസൂത്രണം സംബന്ധിച്ച വിജിലൻസ് കേസ്സുകൾ

18 (729)ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം സംബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ഏതൊക്കെ പഞ്ചായത്തുകളിൽ വിജി ലൻസ് അന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ശുപാർശകൾ ഗവണ്മെന്റ് അംഗീകരിച്ചു;

(സി) ഏതൊക്കെ ജീവനക്കാർക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്തു; എന്തൊക്കെ നടപടികൾ എടുത്തു;

(ഡി) ഏതെങ്കിലും താൽക്കാലിക ജീവനക്കാരെ പുറത്താക്കാൻ ശുപാർശ ചെയ്തിരുന്നോ;

(ഇ) എങ്കിൽ ഈ ശുപാർശ അംഗീകരിച്ച് നടപടി സ്വീകരിച്ചി ട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട്, നന്ദിയോട്, കോട്ടു കാൽ, കൊല്ലം ജില്ലയിലെ എഴുകോൺ, തൊടിയൂർ, ചിതറ, കുളത്തൂപ്പുഴ, പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിജി ലൻസ് അന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) കുളത്തൂപ്പുഴ, തൊടിയൂർ, ചിതറ, അരുവാപ്പുലം എന്നീ ഗ്രാമപ ഞ്ചായത്തുകളെ സംബന്ധിച്ച ശുപാർശകൾ അംഗീകരിച്ചിട്ടുണ്ട്.

(സി) വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കേ ജീവന ക്കാർക്കെതിരെ സ്വീകരിക്കേണ്ട ശിക്ഷാനടപടികളെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഡി) വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടില്ല. എന്നാൽ തൊടിയൂർ ഗ്രാമപഞ്ചായത്തിലെ ഒരു ലൈബറിയന്റെ സേവനം അവസാനിപ്പി ക്കാൻ പഞ്ചായത്ത് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്തിരുന്നു.

(ഇ) ഇല്ല.

മന്ത്രിമാരുടെ കാറുകൾ തട്ടി ഉണ്ടാകുന്ന അപകടങ്ങൾ

19 (730)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ മന്ത്രിമാരുടെ കാറുകൾ തട്ടി ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരമായി ഇതേവരെ എത്ര രൂപ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ കാർ തട്ടി മരിച്ചവരുടെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ധനകാര്യ മന്ത്രിയുടെ കാർ തട്ടി അപകടമുണ്ടായ ആർക്കെങ്കിലും സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(ഡി) മന്ത്രിമാരുടെ കാർ തട്ടി ഉണ്ടാകുന്ന അപകടങ്ങൾ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഡി) പിന്നോക്ക ക്ഷേമ മന്ത്രിയുടെ കാറും ആട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞ ഓട്ടോഡ്രൈവർ ദിനരാജിന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും പരിക്കുപറ്റിയ നാലു സ്ത്രീകൾക്ക് 25,000 രൂപ വീതവും ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയിട്ടുണ്ട്. 17.3.99 ൽ ധനകാര്യവകുപ്പു മന്ത്രിയുടെ കാർതട്ടി പരിക്കേറ്റ ശ്രീമതി ഗ്രേസിക്ക് 5000/- രൂപയും ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

കണ്ണൂരിലെ അക്രമസംഭവം

20 (731)ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ അക്രമസംഭവങ്ങളെപ്പറ്റി കേന്ദ്ര ഗവണ്മെന്റ് റിപ്പോർട്ട് ആവശ്യപ്പെടുമോ;

(ബി) എങ്കിൽ എപ്പോൾ;

(സി) ഇതനുസരിച്ച് കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയോ?

ഉത്തരം

(എ)-(സി) 2.12.99-ന് കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് 4.12.99-ന് നൽകിയിട്ടുണ്ട്.

കണ്ണൂരിലെ കൊലപാതകം

21 (732)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 1-ാം തീയതി മുതൽ കണ്ണൂർ ജില്ലയിൽ ഉണ്ടായ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമങ്ങളിൽ എത്ര പേരെ ഇതിനോടകം അറസ്റ്റു ചെയ്തിട്ടുണ്ട്;

(ബി) ഈ ദിവസങ്ങളിൽ പോലീസിനെ എതിരെ എത്ര അക്രമങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഭവങ്ങളിൽ പോലീസിൽ നിന്നും റിവോൾവർ തട്ടിയെടുത്ത എത്ര സംഭവങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly